## പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2732** **12.02.2019-ൽ മറുപടിക്ക്**

### തൊഴിൽ മേഖലയിൽ സ്ത്രീകൾ നേരിടുന്ന അസമത്വം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പാറക്കൽ അബ്ദുല്ല : | ശ്രീ. ടി. പി. രാമകൃഷ്ണൻ<br>തൊഴിലും എക്സൈസും വകുപ്പ് മന്ത്രി |
| (എ) തൊഴിൽ പങ്കാളിത്തത്തിലും വേതനത്തിലും സംസ്ഥാനത്തെ സ്ത്രീകൾ അസമത്വം നേരിടുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| (ബി) കേരളത്തിലെ തൊഴിൽ മേഖലയിൽ സ്ത്രീകളുടെ പങ്കാളിത്ത നിരക്ക് 30.81 ശതമാനം മാത്രമാണെന്ന കാര്യം പരിശോധിക്കുകയുണ്ടായോ; | (ബി) പരിശോധിക്കുകയുണ്ടായി. തൊഴിൽ വകുപ്പിൽ നിലവിൽ ലഭ്യമായ കണക്കുകളനുസരിച്ച് വിവിധ തൊഴിൽ നിയമങ്ങൾ പ്രകാരം രജിസ്റ്റർ ചെയ്ത തൊഴിലാളികളിൽ സ്ത്രീകളുടെ പങ്കാളിത്ത നിരക്ക് 37.6 ശതമാനമാണ്. |
| (സി) കേരളത്തിലെ ഗ്രാമീണ മേഖലയിൽ കാർഷിക ജോലികൾക്ക് പുരുഷന് യും കിട്ടുന്ന ശരാശരി കൂലി 683.93 രൂപയും സ്ത്രീക്ക് ലഭിക്കുന്നത് 477.5 രൂപയും യും ആണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br><br>(ഡി) എങ്കിൽ തൊഴിൽ മേഖലയിലെ സ്ത്രീ പുരുഷ അസമത്വം പരിഹരിക്കാൻ എന്തൊക്കെ നടപടികൾ കൈക്കൊള്ളുമെന്ന് വിശദമാക്കാമോ? | (സി) (ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സംസ്ഥാനത്തെ കാർഷികമേഖലയുമായി ബന്ധപ്പെട്ട തൊഴിലാളികൾക്ക് മിനിമം വേതനം നിശ്ചയിച്ചുകൊണ്ട് സർക്കാരിന്റെ നിലവിലുള്ള 09.05.2017 ലെ സ.ഉ. (അച്ചടി) നമ്പർ.39/2017/തൊഴിൽ വിജ്ഞാപനപ്രകാരം സ്ത്രീക്കും പുരുഷനും തുല്യവേതനമാണ് നിശ്ചയിച്ചിട്ടുള്ളത്. 1976 ലെ ഈക്വൽ റെമ്യൂണറേഷൻ ആക്ടിലെ വ്യവസ്ഥകൾ പ്രകാരം സ്ത്രീക്കും പുരുഷനും തുല്യവേതനം ഉറപ്പുവരുത്തുന്നതിന് തൊഴിൽ വകുപ്പ് നടപടി സ്വീകരിച്ചു വരുന്നുണ്ട്. മെച്ചപ്പെട്ട വേതനം ലഭിക്കത്തക്ക തൊഴിലവസരങ്ങളിൽ സ്ത്രീകൾക്ക് |

കൂടുതൽ അവസരം നൽകുക, ലിംഗ സമത്വം ഉറപ്പുവരുത്തി സ്ത്രീ തൊഴിലാളികളുടെ അവകാശങ്ങൾ സംരക്ഷിക്കുക, തൊഴിലിടങ്ങളിലെ വൃത്തിയും ശുചിത്വവും ഉറപ്പുവരുത്തി മികച്ച തൊഴിൽ അന്തരീക്ഷം സൃഷ്ടിക്കുക, വേതന സുരക്ഷ നടപ്പാക്കിയും സേവനകാലയളവിലും അതിനു ശേഷവും സാമ്പത്തിക ഭദ്രതയും ആരോഗ്യ സംരക്ഷണവും ഉറപ്പുവരുത്തുക തുടങ്ങിയ നടപടികളും സ്വീകരിച്ചുവരുന്നുണ്ട്.

സെക്ഷൻ ഓഫീസർ.